**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾക്ക് പൊതുപ്രവർത്തന രീതി നടപ്പാക്കാനുള്ള മാതൃകാ നിയമാവലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് പൊതുപ്രവർത്തന രീതി നടപ്പാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ മാതൃകാ നിയമാവലി സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേന്ദ്രസർക്കാർ പുറത്തിറക്കിയ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ മോഡൽ ബൈലോവിന്മേൽ സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭ്യമാക്കുന്നതിനായി നബാർഡിന്റെ 05.07.2022 തീയതിയിലെ NB(KeralaRO)/IDD-2022-23 നമ്പർ കത്ത് ലഭിച്ചിരുന്നു. പ്രസ്തുത മോഡൽ ബൈലോയിൽ ഉൾപ്പെട്ട വിഷയങ്ങളെയും വ്യവസ്ഥകളെയും സംബന്ധിച്ച് സർക്കാർ കേന്ദ്രസർക്കാരിന് കത്ത് നല്കിയിരുന്നു. |
| (ബി) | സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള വിഷയത്തിൽ കേന്ദ്രം അമിതമായ ഇടപെടലുകൾ നടത്തുന്നുണ്ടോ; എങ്കിൽ ഇത്തരം പ്രവണതയ്ക്കെതിരായ നിലപാട് രേഖാമൂലം അറിയിക്കാത്തതിന് കാരണം വ്യക്തമാക്കുമോ; | (ബി) | പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ച ശേഷം രാജ്യത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള പദ്ധതികളാണ് കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂളിൽ ലിസ്റ്റ് രണ്ടിൽ 32-ാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള സഹകരണം എന്ന വിഷയത്തിൽ പാസ്സാക്കിയ നിയമപ്രകാരം പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ നടപ്പിലാക്കുന്നത്. കോമൺസോഫ്റ്റ്‌വെയർ പദ്ധതി, ഏകീകൃത ബൈലോ അംഗീകാരം , സഹകരണ ഡാറ്റാ ബേസ് എന്നീ പദ്ധതികളിലൂടെ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇടപെടലുകൾ നടത്തുന്നതിന് കേന്ദ്രസർക്കാർ ശ്രമിക്കുന്നുണ്ട്. ആയതിനുള്ള മേൽനടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട് . |
| (സി) | പ്രാഥമിക സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ നടപ്പാക്കി നബാർഡിനു കീഴിൽ ഓൺലൈൻ ശൃംഖലയുടെ ഭാഗമാക്കുന്ന പദ്ധതിയിൽ പങ്കാളിയാകാത്തത് മൂലം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേന്ദ്ര പദ്ധതികൾ നഷ്ടമാകുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലയിലാണ് ഇപ്രകാരം പദ്ധതികൾ | (സി) | കേന്ദ്രസർക്കാർ രാജ്യവ്യാപകമായി കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ |

| | | | |
|---|---|---|---|
| | നഷ്ടപ്പെടാൻ സാധ്യതയുള്ളത്; ഇതിനെ എങ്ങനെ മറികടക്കാം എന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | | നടപ്പിലാക്കുന്നത് സംബന്ധിച്ച പൊതുമാർഗനിർദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് .<br><br>സംസ്ഥാനത്ത് നിലവിലുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വൈവിധ്യപൂർണമായ പ്രവർത്തനങ്ങളെല്ലാം കേന്ദ്ര സോഫ്റ്റ്‌വെയറിൽ ലഭ്യമാകുമോയെന്നത് സംബന്ധിച്ച് നിലവിൽ വ്യക്തതയില്ല. ഭാവിയിൽ പദ്ധതി സംബന്ധിച്ച തുടർച്ച, സാങ്കേതികമായ വിവരങ്ങൾ തുടങ്ങിയവ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള വിവരങ്ങളിൽ നിലവിൽ ലഭ്യമല്ല. സംഘങ്ങളെ സംബന്ധിച്ച് സാമ്പത്തിക വിവരങ്ങൾ സംബന്ധിച്ചുള്ള നിർണായകമായ വിവരങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കഴിയുമോ എന്നതിലും നിലവിൽ വ്യക്തതയില്ല. സംഘങ്ങളുടെ ഡാറ്റ വിവിധ ഏജൻസികളുടെ ആവശ്യത്തിനായി ലഭ്യമാക്കുന്നതാണെന്ന വ്യവസ്ഥ സഹകാരികളുടെയും അംഗങ്ങളുടെയും ഉത്തമ താൽപര്യത്തിന് വിരുദ്ധവുമാണ്.<br><br>ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സംഘങ്ങളുടെ പ്രവർത്തന വ്യാപ്തി കണക്കിലെടുത്ത് കൊണ്ടുള്ള ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. സ്വന്തമായ പദ്ധതി നടപ്പാക്കുന്നവർക്കും ധനസഹായം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. |
| (ഡി) | സംസ്ഥാനങ്ങൾക്ക് പ്രാദേശിക സാഹചര്യമനുസരിച്ച് മാതൃകാ നിയമാവലിയിൽ ഭേദഗതി വരുത്താം എന്ന വ്യവസ്ഥ അനുസരിച്ച് മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനായി തമിഴ്നാട് പ്രത്യേക സമിതിയെ നിയോഗിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ രീതിയിലുള്ള മാറ്റത്തിലൂടെ സംസ്ഥാന താൽപര്യം സംരക്ഷിച്ചുകൊണ്ട് മേൽപ്പറഞ്ഞ കേന്ദ്ര പദ്ധതികൾ നേടിയെടുക്കാൻ സാധിക്കും എന്ന് വിലയിരുത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

സെക്ഷൻ ഓഫീസർ